# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1605      16.3.2015-ൽ മറുപടിയ്ക്ക്

## സ്റ്റേഷനറി ഉല്പന്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക് | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആഫീസുകൾക്കാവശ്യമായി വരുന്ന സ്റ്റേഷനറി ഉല്പന്നങ്ങൾ വാങ്ങുന്നതിന് ശരാശരി ഒരു വർഷം എത്ര കോടി രൂപ ചെലവ് വരുന്നുണ്ട്; വിശദമാക്കാമോ ; | (എ) ഒരു വർഷം ശരാശരി 19,00,00,000/ രൂപ ചെലവാകുന്നുണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഇവ വാങ്ങുന്നതിന് ഇപ്പോൾ അനുവർത്തിക്കുന്ന നടപടികൾ സുതാര്യവും കുറ്റമറ്റതുമാണെന്ന് ഉറപ്പുണ്ടോ; | (ബി) വാങ്ങൽ നടപടികൾ സുതാര്യവും കുറ്റമറ്റ രീതിയിലുമാണ് നടത്തിവരുന്നത്. ദർഘാസുകൾ (ഇ-ടെണ്ടർ ഉൾപ്പെടെ) ക്ഷണിച്ച് മാത്രമേ സ്റ്റേഷനറി വകുപ്പിൽ സ്റ്റേഷനറികൾ സംഭരിക്കാറുള്ളൂ. ഇവയിൽ പങ്കെടുക്കാനുള്ള തുറന്ന അവസരം എല്ലാപേർക്കും നൽകുകയും ചെയ്തുവരുന്നു. |
| സി) ക്വാളിറ്റി, അളവ്, കുറഞ്ഞ നിരക്ക് ഇവ ഉറപ്പാക്കുന്നതിനും സ്റ്റേഷനറി സാധനങ്ങൾ ആവശ്യത്തിലധികം വാങ്ങി ദുർവിനിയോഗം നടത്തുന്നത് തടയാനും നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; ഇവ ഫലപ്രദമാണോ; | സി) സ്റ്റോർപർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ പ്രകാരം കുറഞ്ഞ നിരക്ക് നല്കുന്നവരുടെ ഓഫറാണ് സ്വീകരിക്കാറുള്ളത്. ഈ സമയം സാധനങ്ങളുടെ ഗുണ നിലവാരവും ഉറപ്പുവരുത്താറുണ്ട്. ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങാറില്ല. അതിനാൽ ഫണ്ടിന്റെയും സ്റ്റേഷനറികളുടെയും ദുർവിനിയോഗത്തിന് സാദ്ധ്യതയില്ല. 20 ലക്ഷം അടങ്കൽ തുകയേക്കാൾ ഉയർന്ന തുകയ്ക്കുള്ള എല്ലാ പർച്ചേസുകളും |

ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി പരിശോധിക്കുകയും തുടർന്ന് അനുമതി ഉത്തരവ് നൽകുന്നതിന്റെയും അടിസ്ഥാനത്തിലുമാണ് വാങ്ങാറുള്ളത്. വിതരണം ചെയ്തു കിട്ടിയ സ്റ്റേഷനറികൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് എല്ലാ ജില്ലകളിലേയും ആഫീസുകളിൽ സ്റ്റേഷനറി ഉപഭോഗ പരിശോധനയും നടത്തുന്നുണ്ട്.

ഡി) സ്റ്റേഷനറി അധികൃതർ ചിലരും സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങളും തമ്മിലുള്ള നിയമവിധേയമല്ലാത്ത ഇടപാടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതായി അറിയാമോ; ഈക്കാര്യത്തിന് വിദഗ്ധമായ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

ഡി) സ്റ്റേഷനറികളുടെ പർച്ചേസിൽ നിലവിലുള്ള എല്ലാ നിയമങ്ങളും പാലിക്കുന്നുണ്ട്. നിയമവിധേയമല്ലാത്ത ഇടപാടുകൾ ഉള്ളതായി പരാതി ലഭിച്ചിട്ടില്ല. സർക്കാരിന് നഷ്ടം വരുത്തുന്ന രീതിയിൽ സ്റ്റേഷനറി വകുപ്പ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പരിശോധന നടത്തിയിട്ടില്ല.

ഇ) ഈ രംഗത്ത് കൃത്രിമം കാണിച്ച ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ടോ ?

ഇ) വിതരണത്തിൽ അപാകതകൾ വരുത്തിയ വിതരണക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിതരണ ഉത്തരവ് റദ്ദുചെയ്യൽ, നഷ്ടം ഈടാക്കൽ, വരുംകാല ദർഘാസുകളിൽ പങ്കെടുക്കുന്നതിൽ നിന്നുള്ള സമ്പൂർണ്ണമായ വിലക്കൽ എന്നീ നടപടികൾ ചില ഘട്ടങ്ങളിൽ കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

US 1605
16/03/15

**അനുബന്ധം**

2014 – 15 ലെ മെറ്റീരിയൽസ് ആൻഡ് സപ്ലൈസ് എന്ന ശീർഷകത്തിലെ ചെലവുകളുടെ വിവരം

| | | |
|---|---|---|
| 1. | പ്രിന്റിംഗ് പേപ്പർ, റൈറ്റിംഗ് പേപ്പർ, ഫോട്ടോകോപ്പിയിംഗ് പേപ്പർ, ക്രാഫ്റ്റ് പേപ്പർ, ആർട്ട് പേപ്പർ, ആർട്ട് കാർഡ്, പൾപ്പ് ബോർഡ് എന്നിവയുടെ വിലയായി നൽകിയത് | രൂപ 15,13,22,113/- |
| 2. | പലവക സ്റ്റേഷനറികളുടെ വിലയായി നൽകിയത് ( കാർബൺ പേപ്പർ, ടാഗ്, പേപ്പർ പിൻ, പേപ്പർ ക്ലിപ്പ്, സ്റ്റെൻസിൽ പേപ്പർ, കാർട്രിഡ്ജ് റിബൺ, കാർട്രിഡ്ജ് ഇങ്ക്, ഫൗണ്ടൻ പേന മഷി, പോസ്റ്റ് ഇറ്റ് പാഡ്, ഫ്ളാഗ് സ്റ്റിക്, ഫയൽ ഫോൾഡർ, സ്റ്റിക് ഫയൽ, ഗ്ലൂ സ്റ്റിക്, ക്ലോത്ത് ലൈൻഡ് കവർ, ഗം, റക്സിൻ, കാലിക്കോ, ടേബിൾ ക്ലോത്ത്, പേപ്പർ വെയ്റ്റ്, സ്റ്റാപ്ലർ എന്നിവ) | രൂപ 2,91,64,672/- |
| 3. | ഫയൽ ബോർഡിന് വില നൽകിയത് | രൂപ 95,13,215/- |
| | ആകെ | രൂപ 19,00,00,000/- |